**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **08-08-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലാ പോലീസ് വകുപ്പിലെ ജീവനക്കാര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലവിലുള്ള ജില്ലാ പോലീസ് സൂപ്രണ്ട് അധികാരമേറ്റതിനുശേഷം എത്ര പോലീസുകാരാണ് വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയതെന്നു വിശദമാക്കാമോ; | (എ) | ക്രിമിനൽ കേസിൽ പ്രതിയാകുക, മണൽ മാഫിയകളുമായി ബന്ധം സ്ഥാപിക്കുക, സ്വർണ്ണ കള്ളക്കടത്തുകാരുമായി ബന്ധം സ്ഥാപിക്കുക, ഡ്യൂട്ടിയ്ക്കിടെ മദ്യപിച്ച് കാണപ്പെടുക, പെരുമാറ്റ ചട്ടലംഘനം നടത്തുക, പൊതുജനങ്ങളോട് മോശമായി പെരുമാറുക, കൈക്കൂലി ആവശ്യപ്പെടുക, അലക്ഷ്യമായി ഡ്യൂട്ടി നോക്കുക, ക്രിമിനൽ കേസിലെ പ്രതികളുമായി ബന്ധം സ്ഥാപിക്കുക, ലോട്ടറി ചൂതാട്ടം നടത്തുക തുടങ്ങിയവയുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട 39 പേർ ഉൾപ്പെടെ മലപ്പുറം ജില്ലാ പോലീസ് വിഭാഗത്തിൽപ്പെട്ട ആകെ 98 പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. പത്ത് പേർ വിവിധ കാരണങ്ങൾ കാണിച്ച് അപേക്ഷ നല്കി സ്വമേധയാ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര പേരെയാണ് സസ്പെൻഡ് ചെയ്തിട്ടുള്ളതെന്നും ആയതിനുള്ള കാരണങ്ങളും എത്രപേർക്കാണ് വകുപ്പുതല നടപടികൾ വന്നിട്ടുള്ളത് എന്നും വിശദമാക്കാമോ? | (ബി) | ക്രിമിനൽ കേസിൽ പ്രതിയാകുക, മണൽ മാഫിയകളുമായി ബന്ധം സ്ഥാപിക്കുക, സ്വർണ്ണ കള്ളക്കടത്തുകാരുമായി ബന്ധം സ്ഥാപിക്കുക, ഡ്യൂട്ടിയ്ക്കിടെ മദ്യപിച്ച് കാണപ്പെടുക, പെരുമാറ്റ ചട്ടലംഘനം നടത്തുക, പൊതുജനങ്ങളോട് മോശമായി പെരുമാറുക, കൈക്കൂലി ആവശ്യപ്പെടുക, അലക്ഷ്യമായി ഡ്യൂട്ടി നോക്കുക, ക്രിമിനൽ കേസിലെ പ്രതികളുമായി ബന്ധം സ്ഥാപിക്കുക, ലോട്ടറി ചൂതാട്ടം നടത്തുക തുടങ്ങിയവയുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട 39 പേർ ഉൾപ്പെടെ മലപ്പുറം ജില്ലാ പോലീസ് വിഭാഗത്തിൽപ്പെട്ട ആകെ 98 പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. പത്ത് പേർ വിവിധ കാരണങ്ങൾ കാണിച്ച് അപേക്ഷ നല്കി സ്വമേധയാ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ